15/2/22



05-02-22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**

**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**

**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP.No.1384(4)/2017/SIC**

**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.9571/SIC-Gen 2/2017**

**സന്നിഹിതൻ**

**ശ്രീ.കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**(തീയതി: 05.02.2022)**

ശ്രീ. അഖിലേഷ് വി.എസ്,
സാരസ്വതീയം, മരമരുതകോൺ,
ആട്ടുകാൽ, പനയമുട്ടം,
നെടുമങ്ങാട്- 695 561 } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (കേന്ദ്രസ്ഥാനം),
ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
കെ.എസ്.ആർ.ടി.സി, ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം,
കെ.എസ്.ആർ.ടി.സി, ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17.06.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.07.2016 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22.07.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.10.2016 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 15.07.2017 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 15.07.2017 |

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 04.12.2021 ൽ ഉത്തരവ്വ പുറപ്പെടുവിച്ചിരുന്നതാണ്. അതിൽ ഇപ്രകാരം പറഞ്ഞിരുന്നു. വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്ത ഘട്ടത്തിലെ എസ്.പി.ഐ.ഒ ആയിരുന്ന ശ്രീമതി. എസ്. ശ്രീദേവി യെ വിവരാവകാശ

നിയമം 20(1) വകുപ്പ പ്രകാരം ശിക്ഷിക്കാൻ തീരുമാനിക്കുന്നുവെന്നും, ശിക്ഷ ഏർപ്പെടുത്താതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് കമ്മീഷനെ രേഖാമൂലമോ നേരിട്ടോ ബോധ്യപ്പെടുത്തേണ്ടതാണെന്നുമായിരുന്നു ടി ഉത്തരവിൽ പറഞ്ഞിരുന്നത്. ഇതനുസരിച്ച് ശ്രീമതി. ശ്രീദേവി 29.12.2021 ൽ കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി രേഖാമൂലം വിശദീകരണം നൽകി. താൻ ബോധപൂർവ്വം വീഴ്ചയൊന്നും വരുത്തിയിട്ടില്ലായെന്നും, വേണ്ടത്ര ഗൗരവത്തോടെ ചിന്തിക്കാതിരുന്നതുകൊണ്ടാണ് ഇത്തരത്തിൽ ഒരു പിഴവ് സംഭവിച്ചതെന്നും, അത് മാപ്പാക്കണമെന്നും, മേലിൽ ഇത്തരം വീഴ്ചയുണ്ടാവില്ലെന്നും ടി ശ്രീദേവി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ശ്രീമതി. ശ്രീദേവിയുടെ കുറ്റസമ്മതവും അതിലുള്ള പശ്ചാത്താപവും, മാപ്പപേക്ഷയും അംഗീകരിച്ച് അപ്പീൽ ഹർജിയിൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 05.02.2022 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re